LIBRARY ARCHIVES Kerala Legislative Assembly

ഉൾനാടൻ ജലാശയങ്ങളിലെ മണലെടുപ്പ് തടയൽ

300 (304) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെക്കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന രീതിയിൽ, ഉൾനാടൻ ജലാശയങ്ങളിൽ നിന്നും വ്യാപകമായ തോതിലുള്ള മണലെടുപ്പ് നടത്തുന്നത് തടയുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും പരിസ്ഥിതി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ദേശീയ ഹരിത ട്രിബ്യൂണലിന്റെയും ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (SEIAA)യുടെ മുൻകൂർ പാരിസ്ഥിതികാനുമതി ഇല്ലാതെ നദികളിൽ നിന്ന് മണൽ വാരുന്നത് നിരോധിച്ചിട്ടുണ്ട്. ഈ നടപടി അനധികൃതവും ക്രമാതീതമായതുമായ മണലെടുപ്പ് തടയുന്നതിനും അതുവഴി നദികളുടെ സംരക്ഷണം സാധ്യമാക്കാനുമാണ്. കൂടാതെ സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണത്തിനായി 12-12-2014-ന് സ.ഉ. (അച്ചടി) നമ്പർ 16/2014/പരിസ്ഥിതി നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

വൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി

301 (305) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട്, പാരിസ്ഥിതിക അനുമതി എന്നിവ ലഭിക്കുന്നതിനായി സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ലഭിച്ച തീയതിയും സ്വീകരിച്ച നടപടിയും വിശദീകരിക്കാമോ ;

(ബി) ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഫിർമ O.C.M./2007/തീയതി 11-4-2014 പ്രകാരമുള്ള കത്തിന് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി ഫിഷറീസ് വകുപ്പിന് മറുപടി നൽകിയിട്ടുണ്ടോ ; എങ്കിൽ മറുപടിയുടെ പകർപ്പ് ലഭ്യമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.